## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1149 — 02.05.2017 ൽ മറുപടിയ്ക്ക്

## നാളികേര കർഷകർക്കായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | | ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) നാളികേരകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ പ്രഖ്യാപിച്ച നാളികേര പാർക്കുകൾ (സംഭരണ കേന്ദ്രം) ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ; | (എ) | തിരുവനന്തപുരം, മലപ്പുറം , കോഴിക്കോട് പാലക്കാട് ജില്ലകളിലാണ് നാളികേര പാർക്കുകൾ ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. |
| (ബി) ഈ സർക്കാരിന്റെകാലത്ത് നാളികേരകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കർഷകരെ സഹായിക്കാനുമായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) | സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2016-17 വർഷം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കി 500 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 30 കേര ഗ്രാമങ്ങൾ പുതുതായി തിരഞ്ഞെടുത്ത് 59 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലായി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 3803.7726 ലക്ഷം രൂപ പദ്ധതിയ്ക്കായി ചിലവിടുകയുണ്ടായി.<br>നാളികേര കർഷകരെ സഹായിക്കുന്നതിനായി നാളികേരം സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുണ്ടായിരുന്ന കുടിശ്ശിക തുക പൂർണ്ണമായും നൽകുകയും താങ്ങുവില നൽകി സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനായി കൃഷി ഭവനുകൾക്കു പുറമെ സഹകരണ സംഘങ്ങൾ, നാളികേര ഉൽപ്പാദക കമ്പനികൾ എന്നീ ഏജൻസികളെക്കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ നാളികേരത്തിൽ നിന്നും അന്താരാഷ്ട്ര നിലവാരമുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കി മാർക്കറ്റിൽ എത്തിക്കുന്ന സംരംഭങ്ങൾ വ്യാപകമായി ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (സി) നാശം സംഭവിച്ച തെങ്ങ് മുറിച്ചുമാറ്റുമ്പോൾ കർഷകന് കിട്ടുന്ന ധനസഹായം നിലവിൽ തെങ്ങൊന്നിന് എത്ര രൂപയാണ്; | (സി) 500 രൂപ |
| (ഡി) സർക്കാർ നാളികേര കർഷകർക്കായി പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (ഡി) സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടു കൊണ്ടു 2017-18 വർഷവും കേരഗ്രാമം പദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 250 ഹെക്ടർവീതം കേരകൃഷി വിസ്തൃതിയുള്ള 44 കേരഗ്രാമങ്ങൾ കൂടി രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. 3332.50 ലക്ഷം രൂപ ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്കായി നീക്കി വച്ചിട്ടുണ്ട്.<br>അത്യുൽപ്പാദനശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പുതിയ പദ്ധതികൾ രൂപപ്പെടുത്തി വരുന്നു. അതിനായി 567.50 ലക്ഷം രൂപ വാർഷിക പദ്ധതിയിൽ ബഡ്ജറ്റ് വിഹിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് നാളികേരവികസന പദ്ധതികൾക്കായി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തെങ്ങുകളെ ബാധിക്കുന്ന കീടരോഗബാധകൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ പ്രോജക്റ്റ് അടിസ്ഥാനത്തിൽ അവലംബിക്കുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് 300 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**